# ഷെയ്ക്സ്പിയർ
## സമ്പൂർണകൃതികൾ
### ശുഭാന്തനാടകങ്ങൾ



കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്
www.dcbooks.com
സമ്പൂർണം
ISBN 978-81-264-7397-7
00004
E-book available
₹ 4000 (set)

ഷെയ്ക്സ്പിയർ സമ്പൂർണകൃതികൾ
ശുഭാ... ...ങ്ങൾ

CASMTVK
T8M2 K.A/S
1283

1

dcb

dcb



# ഷെയ്ക്സ്പിയർ
## സമ്പൂർണകൃതികൾ

ചീഫ് എഡിറ്റർ : കെ. അയ്യപ്പപ്പണിക്കർ

## കെ. അയ്യപ്പപ്പണിക്കർ
(1930—2006)



1930 സെപ്തംബർ 12-ന് കാവാലം കരയിൽ ജനിച്ചു. 1971-ൽ അമേരിക്കയിലെ ഇൻഡ്യിയാനാ സർവകലാശാലയിൽനിന്നും എം.എ., പിഎച്ച്.ഡി. ബിരുദങ്ങൾ നേടി. കോട്ടയം സി.എം.എസ്. കോളജ്, തിരുവനന്തപുരം മഹാത്മാഗാന്ധി കോളജ്, യൂനിവേഴ്സിറ്റി കോളജ്, ഇൻഡ്യിയാനാ സർവകലാശാല എന്നിവിടങ്ങളിൽ അദ്ധ്യാപകനും കേരള സർവകലാശാലയുടെ ഇംഗ്ലിഷ് വകുപ്പു മേധാവിയുമായിരുന്നു. 1981–'82-ൽ യേൽ, ഹാർവാഡ് എന്നീ സർവകലാശാലകളിൽ (അമേരിക്ക) ഡോക്ടർ ബിരുദാനന്തരഗവേഷണം നടത്തി. കവിതയ്ക്കും നിരൂപണത്തിനും കേരള സാഹിത്യ അക്കാദമി അവാർഡുകളും കവിതയ്ക്ക് സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. കൂടാതെ എസ്.പി.സി.എസ്. അവാർഡ്, കല്യാണികൃഷ്ണമേനോൻ പ്രൈസ്, ഫാദർ എബ്രഹാം വടക്കേൽ അവാർഡ്, സി.ബി. കുമാർ എൻഡോവ്മെന്റ് അവാർഡ്, മഹാകവി ഉള്ളൂർ പുരസ്കാരം, മഹാകവി കുട്ടമത്ത് പുരസ്കാരം, സമസ്ത കേരള സാഹിത്യപരിഷത്ത് അവാർഡ്, ഗംഗാധർ മെഹർ അവാർഡ് (ഒറീസ), കബീർ സമ്മാനം (മധ്യപ്രദേശ്), ആശാൻപ്രൈസ് (ചെന്നൈ), സഞ്ജയൻ പുരസ്കാരം (2005) എന്നിവയും. *അയ്യപ്പപ്പണിക്കരുടെ കൃതികൾ* രണ്ടാം വാല്യത്തിന് കൽക്കത്തയിലെ ഭാരതീയ ഭാഷാപരിഷത്തിന്റെ ഭിൽവാര അവാർഡും (1989) *അയ്യപ്പപ്പണിക്കരുടെ കൃതികൾ* നാലാം വാല്യത്തിന് സരസ്വതീസമ്മാനവും ലഭിച്ചിട്ടുണ്ട്. 2006 ആഗസ്റ്റ് 23-ന് അന്തരിച്ചു.

# ഷെയ്ക്സ്പിയർ സമ്പൂർണകൃതികൾ
## വാല്യം 1 – ശുഭാന്തനാടകങ്ങൾ

ചീഫ് എഡിറ്റർ
കെ. അയ്യപ്പപ്പണിക്കർ

ഡി സി ബുക്സ്

Malayalam Language
Original English Title
Complete Works of William Shakespeare

Omnibus Volume of William Shakespeare
*by* William Shakespeare

Malayalam Title
Shakespeare Sampoorna Krithikal (Vol-1)

*Chief Editor* : K. Ayyappa Paniker
©D C Books
First Published April 23, 2000
This Edition – September 2016

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Distributors
D C Books-Current Books

D C Books Library Cataloguing in Publication Data
Shakespeare, William.
Shakespeare sampoorna krithikal/ William Shakespeare
4 V., 4008p., 21 cm.
ISBN 978-81-264-7397-7.
Malayalam translation of 'Complete works of William Shakespeare.'
Editor : K. Ayyappa Paniker.
1. Collected works. 2. Malayalam translation.
I. Title. II. Title-English. III. Ayyappa Paniker, K.
822.330 8-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-7397-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS - The first Indian Book Publishing House to get ISO Certification

₹ 4000.00 (Set)

488/16-17-Sl.No. 15740-dcb 2200-(4)4000-74741-09-16-Itc 17.0-p as-r sh-d hm

# പ്രസാധകക്കുറിപ്പ്

1616 ഏപ്രിൽ 23–നാണ് ലോകപ്രശസ്ത നാടകകൃത്തായ വില്യം ഷെയ്ക്സ്പിയർ അന്തരിക്കുന്നത്. 2016–ൽ അദ്ദേഹത്തിന്റെ 400–ാം ചരമവാർഷികം ആചരിക്കുകയാണ്. ലോകഭാഷകളിൽത്തന്നെ ഷെയ്ക്സ്പിയറുടെ സമ്പൂർണകൃതികൾ വളരെക്കുറച്ചേ ഉള്ളൂവെങ്കിലും മലയാളത്തിൽ 2000 ഏപ്രിൽ 23–ന് ഡി സി ബുക്സ് ഷെയ്ക്സ്പിയറുടെ സമ്പൂർണകൃതികൾ മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചു. പിന്നീടതിന് രണ്ടു പതിപ്പുകൾകൂടി ഉണ്ടായി. ഇപ്പോൾ 400–ാം ചരമവാർഷികം പ്രമാണിച്ച് അത് പുനഃ പ്രസിദ്ധീകരിക്കുകയാണ്.

1996–ലാണ് ഷെയ്ക്സ്പിയറുടെ സമ്പൂർണകൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാൻ ഡി സി ബുക്സ് തീരുമാനിച്ചത്. ഡി സി കിഴക്കെമുറിയും ഈ ഗ്രന്ഥത്തിന്റെ എഡിറ്റർ ഡോ. കെ. അയ്യപ്പപ്പണിക്കരും ചേർന്ന് ഈ ബൃഹത്പദ്ധതിക്കു രൂപം കൊടുക്കുമ്പോൾ ഇത്രയും വിശാലമായ ഒരു പദ്ധതിയാവും ഇതെന്ന് കരുതിയിരുന്നില്ല. വിവർത്തകന്മാരെ കണ്ടെത്തുക, ഏതൊക്കെ കൃതികൾ ആരൊക്കെ വിവർത്തനം ചെയ്യണമെന്നു തീരുമാനിക്കുക, സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് അവരെക്കൊണ്ട് പരമാവധി ഫലപ്രദമായി വിവർത്തനം ചെയ്യിക്കുക ഇതൊക്കെ ഏറ്റെടുക്കുകയും കുറഞ്ഞത് അഞ്ചു പ്രാവശ്യമെങ്കിലും ഓരോ കൃതിയിൽകൂടിയും കടന്നുപോവുകയും വിവർത്തകരെയും ടൈപ്സെറ്റ് ചെയ്യുന്നവരെയും പ്രൂഫ് വായിക്കുന്നവരെയും ഒക്കെ ഒരേ ടെമ്പോയിൽ നിർത്തുകയും ചെയ്ത അയ്യപ്പപ്പണിക്കരാണ് ഇതിന്റെ വിജയത്തിനു പിന്നിലും മുന്നിലും പ്രവർത്തിച്ചത്. വലിയ കാര്യങ്ങളിലെന്നപോലെതന്നെ ചെറിയ കാര്യങ്ങളിലും ശ്രദ്ധിച്ച ഡോ. അയ്യപ്പപ്പണിക്കരുടെ വലിയ മനസ്സാണ് ഈ മഹാസംരംഭത്തിന്റെ പിന്നിൽ. അദ്ദേഹവും അദ്ദേഹത്തോടൊപ്പം ഈ വിവർത്തനയജ്ഞത്തിൽ പങ്കെടുത്ത കാവാലം നാരായണപ്പണിക്കർ, കെ.പി. ശശിധരൻ, വി.കെ. ഉണ്ണിക്കൃഷ്ണൻ, പി.കെ. വേണുക്കുട്ടൻനായർ, സി.പി. ശിവദാസൻ എന്നിവരും ഇന്ന് നമ്മോടൊപ്പമില്ല. അവർക്കു മുമ്പിൽ ഞങ്ങൾ കൃതജ്ഞതാപൂർവം തലകുനിക്കുന്നു.

മലയാളത്തിൽ എന്നല്ല ഇന്ത്യൻ ഭാഷകളിൽ ആദ്യമായാണ് ഇംഗ്ലിഷ് ഭാഷയിലെ ഏറ്റവും വലിയ സർഗസാഹിത്യകാരനായ ഷെയ്ക്സ്പിയറുടെ കൃതികൾ സമ്പൂർണമായി പ്രസിദ്ധീകരിക്കപ്പെട്ടത്. ലോകഭാഷകളിൽതന്നെ ഫ്രഞ്ച്, സ്പാനിഷ് തുടങ്ങി 20 ഭാഷകളിലേ സമ്പൂർണമായി ഷെയ്ക്സ്പിയർ വന്നി

ട്ടുള്ളൂ. മൂന്നു കോടി ജനങ്ങൾ മാത്രം സംസാരിക്കുന്ന മലയാളം ഷെയ്ക്സ്പിയർ സമ്പൂർണകൃതികൾ പ്രസിദ്ധീകരിക്കുകവഴി ലോകത്തിലെ പ്രധാനഭാഷയായി മാറി.

37 നാടകങ്ങളും 154 ഗീതകങ്ങളും രണ്ടു ഖണ്ഡകാവ്യങ്ങളും ഏതാനും ലഘുകവിതകളുമാണ് ഷെയ്ക്സ്പിയറുടെ, പരക്കെ അംഗീകാരം നേടിയ കൃതികൾ. 14 വിവർത്തകർ മൂന്നു കൊല്ലമായി സഹകരിച്ചതിന്റെ ഫലമാണിത്. ഇത് ഒരൊറ്റ കൃതിയല്ല, 38 പുസ്തകങ്ങളാണെന്നും പറയാം. ശ്രീദേവി കെ. നായർ, ജയശ്രീ രാമകൃഷ്ണൻ, പി. നാരായണക്കുറുപ്പ്, കാവാലം നാരായണപ്പണിക്കർ, സുധ ഗോപാലകൃഷ്ണൻ, കെ.പി. ശശിധരൻ, ഉഷ നമ്പൂതിരിപ്പാട്, സച്ചിദാനന്ദൻ, വി.കെ. ഉണ്ണിക്കൃഷ്ണൻ, കെ. നാരായണചന്ദ്രൻ, പി.കെ. വേണുക്കുട്ടൻ നായർ, എൻ. രാമചന്ദ്രൻ നായർ, സി.പി. ശിവദാസൻ എന്നിവരായിരുന്നു വിവർത്തകർ. ഷെയ്ക്സ്പിയറുടെ 400–ാം ചരമവാർഷികത്തിൽ ഡി സി ബുക്സ് പുനഃപ്രസിദ്ധീകരിക്കുന്ന ഈ സമാഹാരം ഒരു ചെറിയ സർവകലാശാലയാണ്—മനുഷ്യനും പ്രകൃതിയും ചേർന്ന പ്രപഞ്ചത്തിന്റെ സാരാംശം. 2000 ഏപ്രിലിലാണ് ഷെയ്ക്സ്പിയർ സമ്പൂർണകൃതികളുടെ ആദ്യപതിപ്പ് പ്രസിദ്ധീകരിച്ചത്. പ്രൊഫ. പോൾ ലവ് ആയിരുന്നു പ്രകാശകൻ. 7500 കോപ്പിയായിരുന്നു ആദ്യ പതിപ്പ്. ഉടനെതന്നെ രണ്ടാം പതിപ്പും 2002–ൽ മൂന്നാം പതിപ്പും പുറത്തുവന്നു. വായനക്കാരുടെ ആവശ്യവും 400–ാം ചരമവാർഷികവും മുൻനിർത്തി പ്രസിദ്ധീകരിക്കുന്ന ഈ പതിപ്പ് മലയാളത്തിന് സമർപ്പിക്കട്ടെ.

രവി ഡി സി

# വിവർത്തകർ



## ശ്രീദേവി കെ. നായർ

ഇംഗ്ലിഷ് സാഹിത്യത്തിൽ എം.എ. ബിരുദം നേടിയശേഷം 1986–ൽ അധ്യാപികയായി. വിവർത്തനപഠനത്തിൽ കലിക്കട്ട് യൂനിവേഴ്സിറ്റിയിൽനിന്ന് 1994–ൽ പിഎച്ച്.ഡി. ലഭിച്ചു. മലയാളത്തിലെ വിവിധ രാമായണങ്ങളെ അടിസ്ഥാനമാക്കി വിവർത്തനത്തിന്റെ ഭാരതീയ സിദ്ധാന്തം എന്ന വിഷയത്തിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം ചെയ്യുന്നു. 1996 മുതൽ '99 വരെ ഷിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ അക്കാദമിക് അസോസിയേറ്റായിരുന്നു. യു.ജി.സി. പ്രോജക്ട് അവാർഡ് ലഭിച്ചിട്ടുണ്ട്. 1998–ൽ റോട്ടറി ഇന്റർനാഷനലിന്റെ സ്റ്റഡി എക്സ്ചേഞ്ച് ഫെല്ലോഷിപ്പിൽ യു.എസ്.എ. സന്ദർശിച്ച് പല യൂനിവേഴ്സിറ്റികളിലും പ്രഭാഷണം നടത്തി. 1997–ൽ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് മന്ത്രാലയത്തിന്റെ സാഹിത്യത്തിനുള്ള ജൂനിയർ ഫെല്ലോഷിപ്പ് ലഭിച്ചു. ഇന്ത്യൻ കൗൺസിൽ ഒഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ (ഐ സി എസ് എസ് ആർ) സീനിയർ ഫെല്ലോ ആണ്. എൻ. എസ്. എസ്. കോളജ് ഫോർ വിമണിൽ അദ്ധ്യാപികയായി പ്രവർത്തിക്കുന്നു.



## ജയശ്രീ രാമകൃഷ്ണൻ

1959 മെയ് 15–ന് ജനിച്ചു. ബി.എസ്സി., എം.എ. (ഇംഗ്ലിഷ്), ഷെയ്ക്സ്പിയർ ഇൻ മലയാളം: എ സ്റ്റഡി ബേസ്ഡ് ഓൺ ട്രാൻസ്ലേഷൻസ് ഒഫ് ഹിസ് പ്ലേസ് എന്ന വിഷയത്തിൽ പിഎച്ച്.ഡി ബിരുദവും. സംയുക്ത എന്ന സ്ത്രീകൾക്കു വേണ്ടിയുള്ള ജേണലിന്റെ സീനിയർ അസോസിയേറ്റ് എഡിറ്റർ. കവിയും ചിത്രകാരിയും വിവർത്തകയുമാണ്.



## പി. നാരായണക്കുറുപ്പ്

1934 സെപ്തംബർ 5–ന് ഹരിപ്പാട്ടു ജനിച്ചു. കേന്ദ്രഗവണ്മെന്റ് സർവീസിൽ ദൽഹിയിൽ രണ്ടു ദശാബ്ദത്തിലേറെ ഉണ്ടായിരുന്നു. തിരുവനന്തപുരത്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് ഓഫീസറായും ജോലി നോക്കി. 2002 മുതൽ 2008 വരെ ഫിലിം അഡ്വൈസറി കമ്മിറ്റി മെമ്പറായിരുന്നു. 2015–ൽ വീണ്ടും അതിന്റെ മെമ്പറായി.

അസ്ത്രമാല്യം, അപൂർണതയുടെ സൗന്ദര്യം, ഹംസധ്വനി, ഭൂപാളം, നിശാഗന്ധി, കിംപ്യൂട്ടർ തുടങ്ങിയവ കൃതികൾ. നിശാഗന്ധിക്ക് 1990-ൽ കേരള സാഹിത്യ അക്കാദമി അവാർഡും ഓടക്കുഴൽ അവാർഡും ലഭിച്ചു. ഉള്ളൂർ അവാർഡ് (2002), അമൃതകീർത്തി പുരസ്കാരം (2005), ജന്മാഷ്ടമി അവാർഡ് (2012), സഞ്ജയൻ അവാർഡ് (2015) എന്നിവയും ലഭിച്ചിട്ടുണ്ട്. വിവർത്തന കൃതികളിൽ പ്രധാനപ്പെട്ടവ ഫൗസ്റ്റ് ഒന്നാം ഭാഗം, വിവേകാനന്ദ സ്വാമി, സമ്പൂർണ വിപ്ലവത്തിലേക്ക്, ഭാരതത്തിന്റെ പുനർജനനം (അരവിന്ദമഹർഷിയുടെ കുറിപ്പുകൾ), കടലാസു മനുഷ്യർ, ഗാന്ധിജി-ക്രിസ്തുമതത്തിന് ഒരു സമസ്യ. ഉണ്ണായിവാര്യർ എന്ന പഠനഗ്രന്ഥം ഇംഗ്ലിഷിൽ രചിച്ചു.



## കാവാലം നാരായണപ്പണിക്കർ (1928-2016)

1928 ഏപ്രിൽ 28-ന് ആലപ്പുഴ ജില്ലയിലെ കാവാലത്ത് ജനിച്ചു. കേരള യൂനിവേഴ്സിറ്റിയിൽനിന്ന് ബി.എ. ബിരുദം. കേരള സംഗീത നാടക അക്കാദമിയുടെ സെക്രട്ടറിയും (1961-1971) സോപാനത്തിന്റെ നാടക സമിതിയായ തിരുവരങ്ങിന്റെ സ്ഥാപക ഡയറക്ടറും. സാക്ഷി, അവനവൻ കടമ്പ, ദൈവത്താർ, കരിങ്കുട്ടി, തിരനോട്ടം, പ്രേമരശ്മി, ഭൂതം, തിരുമുടി, കോയ്മ, തെയ്യത്തെയ്യം, മരുകിടാത്തി തുടങ്ങി ഇരുപതിലേറെ നാടകങ്ങളും കുട്ടികൾക്കായി കുമ്മാട്ടി, ചക്കീചങ്കരം തുടങ്ങി അഞ്ച് നാടകങ്ങളും രചിച്ചു. ഭാസന്റേതുൾപ്പെടെ ഒട്ടനേകം നാടകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഏറ്റവും നല്ല മലയാള നാടക രചനയ്ക്കുള്ള കേരള സംസ്ഥാന സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്, മധ്യപ്രദേശ് ഗവണ്മെന്റിന്റെ കാളിദാസ സമ്മാനം, നന്ദികർ നാഷനൽ അവാർഡ്, സംഗീത നാടക അക്കാദമിയുടെ നാഷനൽ അവാർഡ്, സർക്കിൾ ഒഫ് ഇന്ത്യയുടെ നാഷനൽ അവാർഡ്, പത്മഭൂഷൺ എന്നിവ ലഭിച്ചിട്ടുണ്ട്. 2016 ജൂൺ 26-ന് അന്തരിച്ചു.



## സുധ ഗോപാലകൃഷ്ണൻ

കേരള യൂനിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലിഷ് സാഹിത്യത്തിൽ എം.എ., 'കംപാരറ്റീവ് ഡ്രാമ-ദ തിയറി ഓഫ് കോമഡി ഇൻ ഭാസ ആൻഡ് ഷെയ്ക്സ്പിയർ' എന്ന വിഷയത്തിൽ പിഎച്ച്.ഡി. സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച എൻസൈക്ലോപീഡിയ ഒഫ് ഇന്ത്യൻ ലിറ്ററേച്ചറിന്റെ അസിസ്റ്റന്റ് എഡിറ്റർ; മെറ്റഫേർസ് ഒഫ് ഇന്ത്യൻ ആർട്സിന്റെ കോ ഓർഡിനേറ്റർ. സഹപീഡിയയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രവർത്തിക്കുന്നു. കൃതികൾ: ഫ്രം ദ കോമിക് ടു ദ കോമഡിക്-ട്രെഡീഷൻ ഒഫ് കോമഡി ഇൻ ഭാസ ആൻഡ് ഷെയ്ക്സ്പിയർ, കൃഷ്ണഗീതി (ഇംഗ്ലിഷ് പരിഭാഷ), നളചരിതം (ഇംഗ്ലിഷ് പരിഭാഷ).



## കെ.പി. ശശിധരൻ (1938-2015)

1938 ജൂൺ 10-ന് മങ്കൊമ്പിൽ ജനിച്ചു. കേരളാ യൂനിവേഴ്സിറ്റിയിൽനിന്ന് ഇംഗ്ലിഷ് സാഹിത്യത്തിൽ ഫസ്റ്റ് ക്ലാസ്, ഫസ്റ്റ് റാങ്കോടെ ബി.എ. (ഓണേഴ്സ്) ജയിച്ച് അധ്യാപനവൃത്തിയിൽ പ്രവേശിച്ചു. വിവിധ കോളജുകളിൽ ലക്ചറർ, പ്രൊഫസർ, പ്രിൻസിപ്പൽ തസ്തികകളിൽ ജോലി നോക്കുന്നതിനിടയിൽ ഇംഗ്ലിഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി ഉദ്യോഗത്തിൽനിന്ന് വിരമിച്ചു.

ഭാഷയിലെ ആദ്യത്തെ ഷെയ്ക്സ്പിയർ പഠനം ഉൾപ്പെടെ വിമർശനം, നോവൽ, കഥ, വിവർത്തനം, യൂനിവേഴ്സിറ്റികളിൽ പാഠപുസ്തകമായിട്ടുള്ളതുൾപ്പെടെ 30 ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. 1981-ൽ സോവിയറ്റ്ലാന്റ് നെഹ്രു അവാർഡ് ലഭിച്ചു. 2015 ജൂൺ 17-ന് അന്തരിച്ചു.



## ഉഷ നമ്പൂതിരിപ്പാട്

1952 ജനുവരി 16-ന് ജനിച്ചു. പ്രസിദ്ധ ബാലസാഹിത്യകാരി സുമംഗലയുടെ മകൾ. അപ്ലൈഡ് ലിങ്ഗ്വിസ്റ്റിക്സിൽ എം.എ., ലിങ്ഗ്വിസ്റ്റിക്സിൽ എം.ഫിൽ., പിഎച്ച്. ഡി. ബിരുദങ്ങൾ. ഇന്റർനാഷണൽ സ്കൂൾ ഒഫ് ദ്രവീഡിയൻ ലിങ്ഗ്വിസ്റ്റിക്സിൽ ജൂനിയർ ഫെല്ലോ ആയിരുന്നു. യൂനിവേഴ്സിറ്റി ഒഫ് കേരളയിലെ ലെക്സിക്കൻ ഡിപ്പാർട്ട്മെന്റിൽ റിസർച്ച് അസോസിയേറ്റായും അസിസ്റ്റന്റ് ഡയറക്ടറായും ജോലി ചെയ്തു. ഡി സി ബുക്സിന്റെ വിശ്വസാഹിത്യമാല പരമ്പരയിൽ നാലു പുസ്തകങ്ങളുടെ സംഗൃഹീത പുനരാഖ്യാനം നിർവഹിച്ചു. കൈരളി ചിൽഡ്രൻസ് ബുക് ട്രസ്റ്റിന്റെ മഹച്ചരിതമാല പരമ്പരയിൽ മൂന്നു പുസ്തകങ്ങൾ രചിച്ചു. മലയാളത്തിലെ സംബോധനാപദങ്ങളുടെ സാമൂഹികപശ്ചാത്തലം, സാമൂഹിക ഭാഷാ വിജ്ഞാനം എന്നിവ മറ്റു കൃതികൾ.



## വി.കെ. ഉണ്ണിക്കൃഷ്ണൻ (1950-1999)

1950-ൽ പത്തനംതിട്ടയ്ക്കടുത്ത് പ്രക്കാനത്ത് ജനിച്ചു. ആഗ്ര യൂനിവേഴ്സിറ്റിയിൽനിന്ന് എം.എ. (ഇംഗ്ലിഷ്) ജയിച്ചശേഷം കേരള യൂനിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥനായി. 1984-'87-ൽ എത്യോപ്യയിൽ ഇംഗ്ലിഷ് അദ്ധ്യാപകനായിരുന്നു. 1987 മുതൽ കോട്ടയത്ത് മഹാത്മാഗാന്ധി യൂനിവേഴ്സിറ്റിയിൽ. യൂനിവേഴ്സിറ്റിയുടെ സാംസ്കാരിക വിഭാഗമായ പ്രസാരാംഗത്തിന്റെ സെക്രട്ടറി. 'സംക്രമണം' മാസികയുടെ പത്രാധിപസമിതിയംഗമായിരുന്നു. 1999 ജൂലൈയിൽ അന്തരിച്ചു.

## സച്ചിദാനന്ദൻ



1946 മെയ് 28-ന് തൃശൂർ ജില്ലയിലെ പുല്ലൂറ്റ് (കൊടുങ്ങല്ലൂർ) ജനിച്ചു. പുല്ലൂറ്റ് എൽ.പി., യു.പി. സ്കൂളുകളിലും കൊടുങ്ങല്ലൂർ ബോയ്സ് ഹൈസ്കൂളിലും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലും കൊച്ചി മഹാരാജാസ് കോളജിലും വിദ്യാഭ്യാസം. എം.എ. (ഇംഗ്ലിഷ്), പിഎച്ച്.ഡി. (ഘടനാവാദാനന്തരവിമർശം; കോഴിക്കോട് സർവ്വകലാശാല). ജോലികൾ: ലെക്ചറർ, പ്രൊഫസർ (ക്രൈസ്റ്റ് കോളജ്), ഇംഗ്ലിഷ് എഡിറ്റർ, സെക്രട്ടറി (സാഹിത്യ അക്കാദമി), ഭാഷോപദേഷ്ടാവ് (ഇന്ത്യാ ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ വകുപ്പ്), എഡിറ്റർ (കഥ), ഡയറക്ടർ, സ്കൂൾ ഓഫ് ട്രാൻസ്ലേഷൻ സ്റ്റഡീസ്, (ഇഗ്നൗ, ഡൽഹി), കവിത, ലേഖനം, നാടകം, യാത്രാവിവരണം, ഇവയിൽ അമ്പതോളം സ്വതന്ത്രകൃതികൾ, 18 കാവ്യപരിഭാഷകൾ, 2 നാടകപരിഭാഷകൾ, 4 ഇംഗ്ലിഷ് ലേഖനസമാഹാരങ്ങൾ, കേരള സാഹിത്യ അക്കാദമി പുരസ്കാരം (5 വിഭാഗങ്ങളിൽ), എൻ.ടി. രാമറാവു ദേശീയ പുരസ്കാരം, ഗംഗാധർമെഹെർ ദേശീയ പുരസ്കാരം, കുസുമാഗ്രജ് ദേശീയ പുരസ്കാരം, ആശാൻ അവാർഡ്, വയലാർ അവാർഡ്, ഉള്ളൂർ പുരസ്കാരം, പ്രഥമ പി. കുഞ്ഞിരാമൻ നായർ പുരസ്കാരം, പ്രഥമ കടമ്മനിട്ട അവാർഡ്, മസ്കറ്റ്, ബഹ്റൈൻ മലയാളി സമാജ പുരസ്കാരങ്ങൾ, ഇറ്റാലിയൻ ഗവൺമെന്റിന്റെ നൈറ്റ്ഹുഡ്, ബിർളാ ഫെല്ലോഷിപ്പ് (താരതമ്യ സാഹിത്യം) തുടങ്ങിയ ബഹുമതികൾ. പ്രധാന ഇന്ത്യൻ ഭാഷകൾ കൂടാതെ ഇംഗ്ലിഷ്, ഐറിഷ്, ജർമ്മൻ, ഫ്രഞ്ച്, ഇറ്റാലിയൻ, അറബിക് ഭാഷകളിൽ സ്വന്തം കവിതയുടെ വിവർത്തന സമാഹാരങ്ങൾ. 20 വർഷമായി ഡൽഹിയിൽ.

## കെ. നാരായണചന്ദ്രൻ



1951-ൽ കോട്ടയത്ത് ജനിച്ചു.

കോട്ടയം ഗവ. സ്കൂൾ, എം.റ്റി. സെമിനാരി ഹൈസ്കൂൾ, സി.എം.എസ്. കോളജ്, ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലിഷ് (തിരുവനന്തപുരം), ഐ.ഐ.റ്റി (മുംബൈ) എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ഇപ്പോൾ ഹൈദരാബാദ് യൂനിവേഴ്സിറ്റിയിൽ പ്രൊഫസർ. ഹൈദരാബാദിൽ സി.ഐ.ഇ.എഫ്.എൽ-ൽ അധ്യാപകനായിരുന്നിട്ടുണ്ട്. സ്റ്റാൻഫോഡ് യൂണിവേഴ്സിറ്റിയുടെ സീനിയർ ഫുൾ ബ്രൈറ്റ് സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. സാഹിത്യവിമർശനം, സമാഹരണം, വിവർത്തനം ഇവ ചെയ്തുവരുന്നു.

## പി.കെ. വേണുക്കുട്ടൻ നായർ (1931-2012)



1931 ജൂലൈ 14-ന് തിരുവനന്തപുരത്ത് പാൽക്കുളങ്ങരയിൽ ജനിച്ചു. ഡ്രമാറ്റിക് ബ്യൂറോ, കലാകൈരളി, കലാവേദി, ശ്രീ ചിത്തിരതിരുനാൾ വായനശാല, പ്രസാധന, കൾട്ട്-തൃശൂർ, രംഗപ്രഭാത്, സുവർണരേഖ എന്നീ അമേറ്റർ സംഘടനകളിൽ നടൻ, സംഘാടകൻ, സംവിധായകൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ചലച്ചിത്രങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

സംസ്ഥാന പ്രൊഫഷനൽ നാടകമത്സരത്തിൽ മികച്ച സംവിധായകനുള്ള അവാർഡ് നാലുപ്രാവശ്യം ലഭിച്ചു. കേരള സംഗീതനാടക അക്കാദമി അവാർഡും ഫെല്ലോഷിപ്പും കേന്ദ്രമാനവശേഷിവകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പും ലഭിച്ചിട്ടുണ്ട്. കേരള സംഗീത നാടക അക്കാദമി വൈസ് പ്രസിഡന്റ്, കേന്ദ്രസംഗീത നാടക അക്കാദമി മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 2012 നവംബർ 26-ന് അന്തരിച്ചു.

## എൻ. രാമചന്ദ്രൻ നായർ



1942-ൽ തിരുവനന്തപുരത്തു ജനിച്ചു. എം.എ., എം.എസ്സി., പിഎച്ച്.ഡി. ബിരുദങ്ങൾ. കോഴഞ്ചേരി സെന്റ് തോമസ് കോളജ്, കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളജ്, ഫറൂക്ക് കോളജ്, കലിക്കറ്റ് യൂനിവേഴ്സിറ്റി സെന്റർ (തലശ്ശേരി) എന്നിവിടങ്ങളിൽ അധ്യാപകനായിരുന്നു. 1981 മുതൽ കലിക്കറ്റ് യൂനിവേഴ്സിറ്റി ഇംഗ്ലിഷ് വിഭാഗത്തിൽ പ്രൊഫസറും വകുപ്പു തലവനും ഫോറം ഫോർ ന്യൂ ലിറ്ററേച്ചറിന്റെ ഡയറക്ടറും. ദ ഹെമിങ്‌വേ ആർക്, കനേഡിയൻ സ്റ്റഡീസ്: ന്യൂ പെർസ്പക്ടീവ്സ്, ജൻഡർ: ടെക്സ്റ്റ് ആൻഡ് കോൺടെക്സ്റ്റ്: കനേഡിയൻ ആൻഡ് ഇന്ത്യൻ റൈറ്റിങ് തുടങ്ങിയവ കൃതികൾ.

## സി.പി. ശിവദാസൻ (1940-2010)



1940 സെപ്റ്റംബർ 29-ന് കോഴിക്കോട് ജില്ലയിലെ വടകരയിൽ ജനിച്ചു.

1963-ൽ കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളജിൽനിന്ന് ഇംഗ്ലിഷിൽ എം.എ. ബിരുദം. 1972-ൽ ഹൈദരാബാദിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇംഗ്ലിഷിൽനിന്ന് ഇംഗ്ലിഷ് ഭാഷാധ്യാപനത്തിൽ ഡിപ്ലോമ. 83-ൽ കോഴിക്കോട് സർവകലാശാലയിൽനിന്ന് 'ഇന്ത്യൻ ഇംഗ്ലിഷ് കവിതയുടെ ശൈലീപഠനം' എന്ന വിഷയത്തെക്കുറിച്ചെഴുതിയ പ്രബന്ധത്തെ ആധാരമാക്കി ഡോക്ടർ ബിരുദം.

കോഴിക്കോട് സർവകലാശാല ഇംഗ്ലിഷ് വകുപ്പിൽ അധ്യാപകനായിരുന്നു. കണ്ണൂർ സർവകലാശാല സ്ഥാപിക്കപ്പെട്ടപ്പോൾ തലശ്ശേരിയിലെ ഇംഗ്ലിഷ് വകുപ്പിൽ പ്രൊഫസറും വകുപ്പധ്യക്ഷനുമായി.

ബ്രിട്ടീഷ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ലണ്ടനിലും നാഷനൽ യൂനി
വേഴ്സിറ്റി ഒഫ് മലേഷ്യ, റീജനൽ ഇംഗ്ലിഷ് ലാങ്ഗ്വേജ് സെന്റർ എന്നിവയുടെ
ആഭിമുഖ്യത്തിൽ കോലാലംപൂർ, സിംഗപ്പൂർ എന്നിവിടങ്ങളിലും നടന്ന
അന്താരാഷ്ട്രസമ്മേളനങ്ങളിൽ ഇംഗ്ലിഷ് ഭാഷാധ്യാപനത്തെക്കുറിച്ച് പ്രബന്ധ
ങ്ങളവതരിപ്പിച്ചു. കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗവും ഇംഗ്ലിഷ്
വകുപ്പധ്യക്ഷനും ആയിരുന്നു.

ഭാവവും ഭാഷയും, അക്ഷരലോകം, പാശ്ചാത്യദീപ്തികൾ (പ്രബന്ധ
സമാഹാരങ്ങൾ), ഷെയ്ക്സ്പിയർ കഥകൾ എന്നീ കൃതികൾ മലയാളത്തിലും
ദ റ്റൂ വോയ്സസ് ഒഫ് ഇൻഡോ-ആംഗ്ലിയൻ പൊയട്രി എന്ന കൃതി ഇംഗ്ലിഷിലും
പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2010 ആഗസ്റ്റ് 17-ന് അന്തരിച്ചു.

# മുഖവുര

അയ്യപ്പപ്പണിക്കർ

"വീരാരാധന ഇപ്പോൾ ശോച്യാവസ്ഥയിൽ ആയിട്ടും, ഒന്നാലോചിച്ചു
നോക്കൂ, ഈ ഷെയ്ക്സ്പിയർ വാസ്തവത്തിൽ നമ്മുടെയിടയിൽ
എന്തായിത്തീർന്നിട്ടുണ്ടെന്ന്. നമ്മുടെ നാട്ടിൽ ജന്മംകൊണ്ട ഏതിംഗ്ലിഷു
കാരനെയാണ്, എത്രലക്ഷം ഇംഗ്ലിഷുകാരെയാണ്, ഈ സ്റ്റ്രാറ്റ്ഫഡ്
കൃഷിക്കാരനു പകരമായി നാം ഉപേക്ഷിക്കാതിരിക്കുക? അത്യുന്നതസ്ഥാനി
കളുടെ ഒരു സംഘാതംപോലുമില്ല അദ്ദേഹത്തിനു പകരം വിലവയ്ക്കാ
നായി. ഇതുവരെ നാം ചെയ്തിട്ടുള്ളതിൽവച്ച് ഏറ്റവും ഗംഭീരമായ
കാര്യമാണ് അദ്ദേഹം. വിദേശികളുടെ ഇടയിൽ നമുക്കഭിമാനമായി,
നമ്മുടെ ഇംഗ്ലിഷ് ഗൃഹാന്തരീക്ഷത്തിന് അലങ്കാരമെന്നനിലയിൽ, അദ്ദേ
ഹത്തിനു പകരം വിട്ടുകൊടുക്കാൻ കഴിയാത്ത എന്തു കാര്യമാണുള്ളത്?
ഒന്നാലോചിക്കൂ, അവർ ചോദിക്കുകയാണെന്നിരിക്കട്ടെ, ഹേ, ഇംഗ്ലിഷു
കാരേ, നിങ്ങളുടെ ഇന്ത്യാസാമ്രാജ്യത്തെയാണോ നിങ്ങളുടെ ഷെയ്ക്സ്
പിയറെയാണോ നിങ്ങൾ ഉപേക്ഷിക്കുക? ഒരിക്കലും ഇന്ത്യാസാമ്രാജ്യം
ഉണ്ടായിരുന്നില്ലെന്നതോ ഒരു ഷെയ്ക്സ്പിയർ ഉണ്ടായിരുന്നില്ലെന്നതോ?
സത്യത്തിൽ ഇതൊരു കടുത്ത ചോദ്യംതന്നെ. ഉദ്യോഗസ്ഥവൃന്ദം ഔദ്യോ
ഗികഭാഷയിൽതന്നെ മറുപടി പറയും, സംശയമില്ല. പക്ഷേ,നമുക്കുവേണ്ടി
നമ്മൾതന്നെ ഉത്തരംപറയാൻ നിർബന്ധിതരാവില്ലേ? ഇന്ത്യാസാമ്രാജ്യം
ഉണ്ടെങ്കിലും ശരി, ഇന്ത്യാസാമ്രാജ്യം ഇല്ലെങ്കിലും ശരി, നമുക്കു ഷെയ്ക്
സ്പിയരില്ലാതെ പറ്റില്ല. ഇന്ത്യാസാമ്രാജ്യം എന്നെങ്കിലും ഒരുദിവസം
ഏതായാലും പോകും; പക്ഷേ, ഈ ഷെയ്ക്സ്പിയർ പോവുകയില്ല,
അദ്ദേഹം എന്നും നമ്മോടൊപ്പം ഉണ്ടാകും. നമുക്ക് നമ്മുടെ ഷെയ്ക്സ്
പിയരെ കയ്യൊഴിയാൻ വയ്യ." 1840-ൽ ഇന്ത്യാസാമ്രാജ്യം ബ്രിട്ടീഷുകാരുടെ
പൂർണമായ അധീനതയിൽ വന്നുകൊണ്ടിരുന്ന കാലത്ത്, ഇംഗ്ലണ്ടിനെക്കാൾ
എത്രയോ വലിപ്പമുള്ളതും ദീർഘമായ പാരമ്പര്യമുള്ളതും സമ്പത്തുണ്ടായിരു
ന്നതും ആയ ഇന്ത്യ അധിനിവേശത്തിന്റെ ഇരുട്ടിൽ ആമഗ്നമായിക്കൊണ്ടി
രുന്ന സമയത്ത്, റ്റോമസ് കാർലൈൽ ഉദ്ഘോഷിച്ച പ്രവചനസദൃശമായ
വാക്യങ്ങളാണ് ഇവിടെ ഉദ്ധരിച്ചത്. കാർലൈൽ പറഞ്ഞതുപോലെ
ഇന്ത്യാസാമ്രാജ്യം പോയി, ഒരു നൂറ്റാണ്ടിനുശേഷം. ഷെയ്ക്സ്പിയർ
കൃതികൾ ഇംഗ്ലണ്ടിന്റെ മാത്രമല്ല, മറുനാടുകളുടെയുംകൂടി അഭിമാന
മായി മാറിയിരിക്കുന്നു. പ്രാചീന മഹാകവികളോടു കിടപിടിക്കുന്ന
ആധുനികകാലത്തെ എഴുത്തുകാരിൽ മുൻപന്തിയിൽ ഏതാണ്ട് ഒന്നാ

മനായി നിൽക്കുന്ന ഷെയ്ക്സ്പിയർ ഇന്ന് ഇംഗ്ലണ്ടിനുമാത്രം ഒതുക്കിവയ്ക്കാവുന്ന ഒരു സ്വത്തല്ലാതായിത്തീർന്നിരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും ആംഗലസംസ്കാരത്തിന്റെയും ഇംഗ്ലിഷ്ഭാഷയുടെയും അതിർത്തികൾ അതിലംഘിച്ച് സാർവലൗകികസംസ്കാരത്തിന്റെയും സർവലോകസാഹിത്യത്തിന്റെയും വീരനായകനായി വിലസുന്നു അദ്ദേഹം എന്നതിൽ പക്ഷാന്തരമില്ല. ഭാഷയുടെ അതിർത്തികൾ ഭേദിച്ച് വിവർത്തനത്തിലൂടെ മലയാളികളുടെകൂടി പൊതുസ്വത്തായിത്തീരുകയാണ് ഈ പ്രസാധനത്തോടുകൂടി ഷെയ്ക്സ്പിയർ. 37 നാടകങ്ങളും ഒരു കവിതാസമാഹാരവും ചേർന്ന ഷെയ്ക്സ്പിയരുടെ സമ്പൂർണകൃതികൾ പ്രസിദ്ധപ്പെടുത്തുന്ന ആദ്യത്തെ ഇന്ത്യൻ ഭാഷ മലയാളമായിക്കൂടെന്നില്ല. ഇതിനു മുൻകൈയെടുത്ത വിവർത്തകർക്കും പ്രസിദ്ധപ്പെടുത്തുന്ന ഡി.സി. ബുക്സിനും എഡിറ്റിങ്ങിൽ സഹായിച്ചവർക്കും നന്ദിപറയട്ടെ.

## ജീവിതരേഖ

വില്യം ഷെയ്ക്സ്പിയരുടെ ജനനം, വിദ്യാഭ്യാസം, തൊഴിൽ മുതലായ കാര്യങ്ങളെപ്പറ്റി കുറെയേറെ കാര്യങ്ങൾ നമുക്കറിയാമെങ്കിലും അദ്ദേഹത്തെപ്പറ്റി ആവശ്യമുള്ള വിവരണങ്ങളെല്ലാം നമുക്കു ലഭ്യമല്ലാതെയാണിരിക്കുന്നത്. അദ്ദേഹമാണോ ഈ നാടകങ്ങളെല്ലാം എഴുതിയത് എന്ന കാര്യത്തിൽ പണ്ഡിതന്മാർക്ക് ഇപ്പോഴും സംശയങ്ങളുണ്ട്. സമകാലികരായ വേറെ പലരുടെയും പേരുകൾ ഇതിനുവേണ്ടി നിർദേശിക്കപ്പെട്ടിട്ടുണ്ട്—എലിസബെത് രാജ്ഞി മുതൽ ഫ്രാൻസിസ് ബേക്കൺവരെ. അറിയപ്പെട്ടിട്ടുള്ള ജീവചരിത്രവിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃതികൾ വ്യാഖ്യാനിക്കാനും കൃതികളിൽ സൂചിതമായിട്ടുള്ള വിവരങ്ങൾ വച്ചുകൊണ്ട് ജീവിതരേഖ രൂപപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഓരോ പണ്ഡിതനും അവനവന്റെ സൈദ്ധാന്തിക നിലപാടുകൾക്കും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾക്കും അനുസരണമായി ആവശ്യത്തിൽ കൂടുതൽ എഴുതിക്കഴിഞ്ഞിരിക്കുന്നു. 17-ാം നൂറ്റാണ്ട് മുതൽക്കുള്ള പഠനനിരൂപണാദികളുടെ അതിശ്രദ്ധകൊണ്ടുതന്നെ ചിന്താക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. ജീവചരിത്രങ്ങൾ, കൃതിപാഠങ്ങൾ, വ്യാഖ്യാനങ്ങൾ, ഭാഷ്യങ്ങൾ, രംഗാവതരണക്രമങ്ങൾ, വിവാദങ്ങൾ, അവതാരികകൾ എന്നിങ്ങനെ വിവിധ മാതൃകകളിലൂടെ ഷെയ്ക്സ്പിയർ പഠനം ഒരു വ്യവസായമായിത്തന്നെ വളർന്നിട്ടുണ്ട്. മാറിമാറി വരുന്ന സിദ്ധാന്തങ്ങളെ സാധൂകരിക്കാൻ ചരിത്രകാരന്മാരും സാമൂഹികചിന്തകന്മാരും അധ്യാപകരും സംവിധായകന്മാരും നടീനടന്മാരും ഷെയ്ക്സ്പിയർ കൃതികളെ ആശ്രയിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ വളർച്ച എന്നപോലെ ഒരു കാലഘട്ടത്തിന്റെ അഭിരുചികളും അഭിലാഷങ്ങളുംകൂടി ഈ കൃതികളിൽ നിഴലിക്കുന്നുണ്ട്. ഒരു ബാഹ്യചരിത്രരേഖ താഴെക്കൊടുക്കുന്ന പട്ടികയിൽനിന്നു കിട്ടും.

| | |
|---|---|
| 1558 | എലിസബെത് രാജ്ഞി അധികാരം ഏല്ക്കുന്നു. |
| 1564 | ഏപ്രിൽ 26-ന് ഷെയ്ക്സ്പിയരുടെ ജ്ഞാനസ്നാനം. |
| 1568 | ജോൺ ഷെയ്ക്സ്പിയർ സ്റ്റ്റാറ്റ്ഫഡിലെ ബെയ്‌ലിഫ് ആയി തിരഞ്ഞെടുക്കപ്പെടുന്നു. |
| 1577 | സർ ഫ്രാൻസിസ് ഡ്രെയ്കിന്റെ ലോകംചുറ്റൽ. |
| 1582 | ഷെയ്ക്സ്പിയർ ആൻ ഹാതവേയെ വിവാഹം കഴിക്കുന്നു. |
| 1583 | മകൾ സൂസന്നയുടെ ജനനം. |
| 1585 | ഹാംനെറ്റ്, ജൂഡിത് എന്നീ ഇരട്ടക്കുട്ടികളുടെ ജനനം. |
| 1587 | സ്കോട്ട്‌ലൻഡ് റാണി മേരിയുടെ വധം. |
| 1588 | സ്പാനിഷ് അർമേഡയുടെ പരാജയം. |
| 1592 | ഹെൻറി ആറാമൻ: ഒന്നാംഭാഗം: രംഗാവതരണം. |
| 1593 | വീനസും അഡോണിസും പ്രകാശനം. |
| 1593 | ക്രിസ്റ്റഫർ മാർലോയുടെ മരണം. |
| 1594 | ഷെയ്ക്സ്പിയർ ചെയ്ംബർലെയ്ൻ പ്രഭുവിന്റെ നാടകസംഘത്തിൽ ചേരുന്നു. |
| 1596 | ഹാംനെറ്റിന്റെ മരണം. |
| 1597 | ഷെയ്ക്സ്പിയർ 'ന്യൂപ്ലെയ്സ്' വാങ്ങുന്നു. |
| 1599 | ഗ്ലോബ് നാട്യശാല ഉദ്ഘാടനം. |
| 1600 | ഈസ്റ്റ് ഇൻഡ്യാകമ്പനി ആരംഭം. |
| 1601 | അച്ഛന്റെ മരണം. |
| 1602 | പഴയ സ്റ്റ്റാറ്റ്ഫഡിൽ ഷെയ്ക്സ്പിയർ സ്ഥലംവാങ്ങുന്നു. |
| 1603 | എലിസബെത്തിന്റെ മരണം; ജെയ്ംസ് ഒന്നാമന്റെ സ്ഥാനാരോഹണം. |
| 1605 | ഗൈ ഫോക്സിന്റെ ഗൺപൗഡർ ഗൂഢാലോചന. |
| 1607 | അമേരിക്കയിൽ ഇംഗ്ലിഷുകാരുടെ ആദ്യകുടിയേറ്റം. |
| 1607 | സൂസന്നയുടെ വിവാഹം – ജോൺഹോളുമായി. |
| 1608 | കൊച്ചുമകൾ എലിസബെത് ഹോളിന്റെ ജനനം. |
| 1608 | അമ്മയുടെ മരണം. |
| 1609 | ഗീതകങ്ങൾ – ആദ്യപതിപ്പിന്റെ പ്രസിദ്ധീകരണം. |
| 1610 | ലണ്ടൻ വിട്ട് ന്യൂപ്ലെയ്സിലേക്കു താമസംമാറ്റം. |
| 1613 | ഗ്ലോബ് നാട്യശാലയ്ക്കു തീപിടിത്തം. |
| 1616 | ഏപ്രിൽ 23-ന് ഷെയ്ക്സ്പിയരുടെ മരണം. |
| 1623 | ആദ്യത്തെ ഫോളിയോപതിപ്പ്. |

സമകാലചരിത്രത്തിന്റെ ഈ കേവലമായ അസ്ഥിപഞ്ജരത്തിൽനിന്ന് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആരംഭമോ അതിലും വിസ്തൃതമായ ഷെയ്ക്സ്പിയരുടെ മാനസികപ്രപഞ്ചമോ ഊഹിച്ചെടുക്കാൻ വിഷമമാണ്. എങ്കിലും എലിസബെത്തിന്റെ കാലത്തു നിലനിന്ന സമാധാനാന്തരീക്ഷവും

ഇംഗ്ലീഷ്ജനതയുടെ ഐക്യവും അഭ്യുന്നതിക്കുള്ള അഭിലാഷവും
നവോത്ഥാനത്തിന്റെയും മതനവീകരണത്തിന്റെയും അഖില യൂറോപ്യൻ
തരംഗങ്ങളുമായി ഇടപഴകി വലിയ ഒരു കുതിപ്പിനു തയാറെടുക്കുക
യായിരുന്നു അക്കാലത്ത് എന്നുകാണാൻ വിഷമമില്ല. അനേകം ഗ്രന്ഥ
ങ്ങളുടെ വിവർത്തനങ്ങളും ചരിത്രരേഖകളുടെ —വർഷാനുചരിത
ങ്ങളുടെ—പ്രസിദ്ധീകരണവും ലണ്ടനിൽ—പ്രത്യേകിച്ചും റ്റെംസ്
നദിയുടെ തെക്കേക്കരയിൽ—കെട്ടി ഉയർത്തപ്പെട്ട അനേകം നാട്യശാ
ലകളും തുരുതുരെയുള്ള നാടകാവതരണവും പണ്ഡിതന്മാരുടെയും
നാടകകൃത്തുക്കളുടെയും നടീനടന്മാരുടെയും ഒരേ സമയത്തുള്ള
ആവിർഭാവവും കവിതയിലും കഥയിലും നാടകത്തിലും എല്ലാം താത്പ
ര്യമെടുക്കാനുള്ള ജനതയുടെ അദമ്യമായ അഭിവാഞ്ഛയും ഒത്തു
ചേർന്നപ്പോൾ എലിസബെത്ത് രാജ്ഞിയുടെ 'വിശാലദിനങ്ങൾ' രൂപം
പ്രാപിച്ചു. ഡ്രെയ്കിനെയും റോലിയെയുംപോലുള്ള സാഹസിക
സമുദ്രാന്തരയാത്രികരുടെ ഉത്സാഹത്തിമർപ്പും ലണ്ടൻ തുറമുഖ
നഗരത്തിന്റെ അഭൂതപൂർവമായ വികാസവും വിദേശവാണിജ്യബന്ധങ്ങ
ളുടെ വളർച്ചയും യുദ്ധരംഗങ്ങളിൽ ഇംഗ്ലണ്ടിനു നേടാൻ കഴിഞ്ഞ
തുടർച്ചയായ വിജയവും എല്ലാം ഒരു ജനതയുടെ വികാസോന്മുഖത്വരയ്ക്ക്
പ്രചോദനമായി ഭവിച്ചു. ഇന്ന്, സാമ്രാജ്യപതനാനന്തരം തിരിഞ്ഞുനോ
ക്കുമ്പോൾ, ഭൂമിശാസ്ത്രത്തിനുമേൽ ചരിത്രത്തിനു കിട്ടിയ ആധിപ
ത്യത്തിന്റെ പൊരുൾ അവിശ്വസനീയമായി തോന്നാം. നമ്മുടെ കാലത്ത്
ബഹിരാകാശസഞ്ചാരത്തിൽ തോന്നുന്നപോലുള്ള ഔത്സുക്യം
ഷെയ്ക്സ്പിയരുടെ കാലത്ത് ഭൂഗോളഭ്രമണത്തിലും ദ്വീപാന്തരസന്ദർ
ശനത്തിലും ആളുകൾക്ക് തോന്നിയിരുന്നു.

വില്യം ഷെയ്ക്സ്പിയരുടെ ജന്മദിനം കൃത്യമായി നമുക്കറിഞ്ഞുകൂട.
1564 ഏപ്രിൽ 26-ന് മാമോദീസാ നടത്തിയതിനു രേഖയുള്ളതുകൊണ്ട്
സാമാന്യമായി കണക്കാക്കി ഏപ്രിൽ 23 ആണ് ജന്മദിനമെന്നു കരുത
പ്പെടുന്നു. ജോൺ ഷെയ്ക്സ്പിയരുടെയും മേരിയുടെയും മൂന്നാമത്തെ
സന്താനവും മൂത്തപുത്രനുമായിരുന്നു വില്യം. നാലു സഹോദരിമാരും
മൂന്നു സഹോദരന്മാരും ഉണ്ടായിരുന്നതിൽ പലരും നേരത്തേതന്നെ
മരിച്ചുപോയി. സാധാരണക്കാരനായിരുന്നു എങ്കിലും അമ്മവഴി കുലീന
കുടുംബബന്ധമുണ്ടായിരുന്നതുകൊണ്ട് ഷെയ്ക്സ്പിയരുടെ അച്ഛന്
ഒരു പദവിമുദ്ര സമ്പാദിക്കാൻ പില്ക്കാലത്തു കഴിഞ്ഞു. ഒരു കൃഷിക്കാര
നായിരുന്ന റിച്ചഡ് ഷെയ്ക്സ്പിയരുടെ മകൻ ജോൺ കമ്പിളിക്കച്ചവടത്തിൽ
ഏർപ്പെട്ട് 1552-ൽ സ്റ്റ്രാറ്റ്ഫഡിലെ ഹെൻലി തെരുവിൽ താമസമാരംഭിച്ചു.
അവിടെയാണ് വില്യം ജനിച്ചതും ബാല്യം ചെലവഴിച്ചതും. 1557-ലാണ്
മേരി ആർഡനെ ജോൺ വിവാഹം കഴിച്ചത്. 1601-ൽ ജോണും 1608-ൽ
മേരിയും മരിച്ചു. 1582 നവംബറിൽ റിച്ചഡ് ഹാതവേയുടെ മകളായ
ആനുമായുള്ള വില്യമിന്റെ വിവാഹത്തിന്റെ അറിയിപ്പ് വന്നു. അന്നു
പതിനെട്ടുവയസ്സായിരുന്ന വില്യമിനെക്കാൾ ഏഴോ എട്ടോ വയസ്സ്
കൂടുതലായിരുന്നു ആനിന് എന്നു പറയപ്പെടുന്നു. 1623-ൽ 67-ാം
വയസ്സിലാണ് ആൻ മരിച്ചത് എന്നതിന് രേഖയുണ്ട്. അവരുടെ പ്രഥമ
സന്താനം—സൂസന്ന—1583 മേയ് 26-നു ജനിച്ചു. 1584 ഫെബ്രുവരിയിൽ
ജനിച്ച ഇരട്ടകളിലെ ഹാംനെറ്റ് (അഥവാ ഹാംലെറ്റ്)1596 ആഗസ്റ്റിൽ
11-ാം വയസ്സിൽ മരണമടഞ്ഞു. സൂസന്ന 1649-ലും ഇരട്ടകളിലെ ജൂഡിത്
1662-ലും ദിവംഗതരായി. സൂസന്നയുടെ മകൾ കുട്ടികളില്ലാതെ 1670-ൽ
മരിച്ചതോടെ ഷെയ്ക്സ്പിയർ കുടുംബം—നേർതാവഴി—അന്യം
നിന്നു.

എന്നാണ്, എങ്ങനെയാണ് വില്യം ഷെയ്ക്സ്പിയർ സ്റ്റ്രാറ്റ്ഫഡ്
വിട്ട് ലണ്ടനിൽ എത്തിപ്പെട്ടത് എന്നതും കൃത്യമായി അറിഞ്ഞുകൂട—ഗ്രാമർ
സ്കൂളിൽനിന്നു കടന്നതും സർ റ്റോമസ് ലൂസിയുടെ തോപ്പിൽനിന്നു
മാനിനെ പിടിക്കാൻ ശ്രമിച്ചതും മറ്റും ഐതിഹ്യങ്ങളായിട്ടുണ്ടെങ്കിലും.
1580-കളിൽതന്നെ ഷെയ്ക്സ്പിയർ ലണ്ടനിലെത്തി നാട്യശാലകളിൽ
സമ്പന്നരായ കാണികളുടെ കുതിരസൂക്ഷിപ്പുകാരനായി കഴിഞ്ഞു
എന്നും കഥകളില്ലാതില്ല. ചെയ്ംബർലെയ്ൻ നാട്യസംഘത്തിലെ ഒരംഗ
മായി ഷെയ്ക്സ്പിയർ അറിയപ്പെടുന്നത് 1595 മുതല്ക്കാണ്. പ്രശസ്ത
നടന്മാരായിരുന്ന വില്യംകെംപിന്റെയും റിച്ചഡ് ബേർബെയ്ജിന്റെയും
മറ്റും കൂട്ടത്തിൽ എലിസബെത് രാജ്ഞിയുടെ മുമ്പിൽ നാടകം അവ
തരിപ്പിച്ചപ്പോൾ ഷെയ്ക്സ്പിയരും ഉണ്ടായിരുന്നു. 1599-ൽതന്നെ
ഗ്ലോബ് നാട്യശാലയുടെ പത്തിൽ ഒന്ന് ഓഹരി ഷെയ്ക്സ്പിയർക്ക്
ഉണ്ടായിരുന്നു. 1603-ൽ നടന്മാരെല്ലാം രാജാവിന്റെ ആൾക്കാർ (King's
Men) എന്ന സംഘത്തിൽ ചേർന്നു. എല്ലാത്തരം നാടകങ്ങളും അരങ്ങേറുന്ന
ഒരു സംഘമായി അതു പ്രവർത്തിച്ചു. ബ്ലാക് ഫ്രയഴ്സ് എന്ന സ്വകാര്യ
നാട്യശാല ഏറ്റെടുത്ത് വളരെ പ്രശസ്തമായി തുടർന്നു. ഷെയ്ക്സ്
പിയരുടെ അവസാന കൃതിയായ ഹെൻറി എട്ടാമൻ അവതരിപ്പിച്ചുകഴിഞ്ഞ
പ്പോൾ 1613-ൽ ഗ്ലോബ് നാട്യശാലയ്ക്കു തീപിടിച്ചു. അപ്പോഴേക്ക്
ഷെയ്ക്സ്പിയർ സ്റ്റ്രാറ്റ്ഫഡിലേക്കു പിൻവാങ്ങിക്കഴിഞ്ഞിരുന്നു.
1616 ഏപ്രിൽ 23-ന് അദ്ദേഹം മരിച്ചു. അദ്ദേഹത്തിന്റെ മരണപത്രവും
കയ്യൊപ്പും ശവമാടത്തിലെ ചരമക്കുറിപ്പും അനേകം ചെറിയ ഔദ്യോഗിക
രേഖകളും ജീവചരിത്രപരമായി പ്രധാനപ്പെട്ട വസ്തുതകളാണ്.

1592-ലാണ് ഒരു നാടകകൃത്തെന്ന നിലയിൽ പരോക്ഷമായി
ഷെയ്ക്സ്പിയർ അറിയപ്പെട്ടുതുടങ്ങിയത്. റോബർറ്റ് ഗ്രീൻ എഴുതിയ
ഒരു കൃതിയിൽ "മറ്റുള്ളവരുടെ തൂവലുകൾകൊണ്ടലംകൃതനായ" ഒരു
നാടകകൃത്തിനെപ്പറ്റി ഭർത്സനപരാമർശമുണ്ട്. "രാജ്യത്തെ ഒരേയൊരു
ഷെയ്ക്-സീൻ" (രംഗചാലകൻ) താനാണെന്നു ഭാവിക്കുന്ന, "നടന്റെ
തുകലും കടുവയുടെ കരളുമുള്ള, ഒരാൾ" എന്നൊക്കെ ഗ്രീൻ ഷെയ്ക്സ്
പിയരെ അവഹേളിക്കുന്നുണ്ട് —മുൻകാല നാടകങ്ങളെ തിരുത്തിയെഴുതി
യാണല്ലോ ഷെയ്ക്സ്പിയർ നാടകരചന ആരംഭിച്ചത്. ഈ അവഹേളന
മാകാം ഒരുപക്ഷേ, ഷെയ്ക്സ്പിയർക്കു കിട്ടിയ ആദ്യത്തെ അംഗീകാരം.

ഒരു പുതിയ എഴുത്തുകാരൻ അറിയപ്പെട്ടുതുടങ്ങുമ്പോൾ പഴയ ആസ്ഥാനവിദ്വാന്മാർക്ക് അങ്കലാപ്പുവരും—അതിന് ആ എഴുത്തുകാരൻ നേരിട്ട് ഉത്തരവാദിയാകണമെന്നില്ല. പിന്നീട് ആരാധന കലർന്ന പരാമർശങ്ങൾ ധാരാളം ഉണ്ടായി. 1598-ലെ Palladis Tamia എന്ന ഗ്രന്ഥത്തിൽ ഫ്രാൻസിസ് മിയഴ്സ് കയ്യയച്ച് പ്രശംസ കോരിച്ചൊരിയുന്നുണ്ട്, “മധുവാണി” മുതലായ വിശേഷണങ്ങൾ ഉപയോഗിച്ച്. ശുഭാന്തത്തിനും ദുരന്തത്തിനും ഷെയ്ക്സ്പിയർക്കുള്ള കഴിവ് എടുത്തുപറയുന്നുണ്ട്. “വാഗ്ദേവതമാർ ഇംഗ്ലീഷ് സംസാരിക്കുമായിരുന്നെങ്കിൽ” ഷെയ്ക്സ്പിയരുടെ “ചിന്തേരിട്ടു മിനുക്കിയ പദാവലി” ഉപയോഗിച്ചേനെ എന്നുവരെ. 1598-ൽ അദ്ദേഹത്തിനു വയസ്സ് 34 മാത്രം. പിന്നീടുള്ള 10–15 കൊല്ലം അദ്ദേഹം ഈ നിലവാരം നിലനിർത്തിപ്പോന്നു.

കവിയെന്ന നിലയിലുള്ള ആദ്യപരാമർശം 1593-ൽ “വീനസും അഡോണിസി”ലും നാടകകൃത്തെന്ന നിലയിലുള്ള പ്രത്യക്ഷ പരാമർശം 1598-ലെ “റിച്ചഡ് മൂന്നാമൻ” എന്ന കൃതിയുടെ രണ്ടും മൂന്നും പതിപ്പുകളിലും ആയിരുന്നു. പല നാടകങ്ങളും ഷെയ്ക്സ്പിയരുടെ ജീവിതകാലത്ത് അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രസിദ്ധീകരിക്കാതിരുന്നതുകൊണ്ട് പല അബദ്ധപാഠങ്ങളും പ്രചരിക്കാനിടയായി. ചിലതൊന്നും പ്രസിദ്ധീകരിക്കുകയേ ഉണ്ടായില്ല. ഷെയ്ക്സ്പിയരുടെ നാട്യസംഘത്തിലുണ്ടായിരുന്ന രണ്ടു സുഹൃത്തുക്കൾ—ജോൺ ഹെമിങ്, ഹെൻറി കോൺഡെൽ—1623-ൽ ഷെയ്ക്സ്പിയർ കൃതികൾ ഒറ്റവാല്യത്തിൽ — ആദ്യത്തെ ഫോളിയോപതിപ്പായി—പ്രസിദ്ധപ്പെടുത്തി. “ആവർത്തിച്ചു വായിച്ചിട്ടും ഒരാൾക്ക് ഷെയ്ക്സ്പിയരെ ആസ്വദിക്കാൻ കഴിയുന്നില്ലെങ്കിൽ, അയാൾക്ക് എന്തോ സാരമായ തകരാറുണ്ടായിരിക്കും” എന്ന് അവർ വായനക്കാരോടുള്ള മുഖക്കുറിപ്പിൽ പറയുന്നുണ്ട്. ഷെയ്ക്സ്പിയരുടെ മരണാനന്തരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രശംസാഗീതികളിൽ ബെൻ ജോൺസൺ അദ്ദേഹത്തിന് അത്യുന്നതസ്ഥാനംതന്നെ നൽകിയിരുന്നു: “കാലഘട്ടത്തിന്റെ ആത്മാവ്, നമ്മുടെ നാടകവേദിയുടെ അംഗീകാരം, ആനന്ദം, അദ്ഭുതം! എന്റെ ഷെയ്ക്സ്പിയർ.” ജോൺ മിൽട്ടൺ തുടങ്ങിയ അനന്തരഗാമികൾ ഷെയ്ക്സ്പിയരുടെ മഹത്ത്വം അംഗീകരിച്ചിട്ടുണ്ട്. എങ്കിലും ഓരോ തലമുറയിലും അദ്ദേഹത്തിന്റെ കൃതികൾ വീണ്ടും വീണ്ടും വിലയിരുത്തപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങനെ വിശ്വോത്തരസാഹിത്യപ്രതിഭകളിൽ ഒന്നായി ലോകം അംഗീകരിച്ചുകഴിഞ്ഞ ഷെയ്ക്സ്പിയരുടെ ഏറ്റവും വലിയ മഹത്ത്വലക്ഷണം അദ്ദേഹത്തിന്റെ സാർവജനീനതയാണെന്നു പറയാം. എല്ലാ ശ്രേണിയിലും പ്രായത്തിലും മാനസികാവസ്ഥയിലും ശരീരസ്ഥിതിയിലും ഉള്ള പാത്രങ്ങൾ—അവരുടെ വൈവിധ്യമാർന്ന അനുഭവങ്ങൾ—അവയുടെ സജീവചിത്രീകരണം—പോരായ്മകളൊന്നുമില്ലെന്ന അവകാശവാദംകൂടാതെ മനസ്സിലാക്കാവുന്ന കാര്യങ്ങളാണിവ.

## കൃതികൾ

മുപ്പത്തേഴു നാടകങ്ങളും ഏതാനും കവിതകളുമാണ് ഷെയ്ക്സ്പിയർ കൃതികളായി പൊതുവേ അംഗീകാരം നേടിയിട്ടുള്ളത്. ഇവയിൽ ചില കൃതികൾ അദ്ദേഹം രചിച്ചതല്ല എന്ന വാദമില്ലാതെയില്ല. വേറെ ചില കൃതികളുടെയും കർത്തൃത്വം ചില പണ്ഡിതന്മാർ ഷെയ്ക്സ്പിയർക്കു നൽകിയിട്ടുണ്ട്. നാടകങ്ങളിൽ 13 ശുഭാന്തങ്ങളും 10 ദുരന്തങ്ങളും കൂടാതെ 10 ചരിത്രകൃതികളും 4 ദുരന്തശുഭാന്തങ്ങളും ഉണ്ട്. ഈ വിഭജനം വിഷയാധിഷ്ഠിതമോ ഭാവാധിഷ്ഠിതമോ ആണ്. ദുരന്തശുഭാന്തങ്ങളെ അദ്ഭുതാത്മകങ്ങളെന്നും വിശേഷിപ്പിക്കാറുണ്ട്. കവിതകളിൽ “വീനസും അഡോണിസും”, “ലുക്രീസിന്റെ ബലാത്സംഗം” എന്നീ ആഖ്യാനകാവ്യങ്ങളും 154 ഗീതകങ്ങളും മറ്റുചില ഭാവഗീതങ്ങളും ഉൾപ്പെടുന്നു.

രചനാകാലത്തെ സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ ഏകാഭിപ്രായം ഇല്ലാത്തതുകൊണ്ട് രൂപഭാവാധിഷ്ഠിത വിഭജനം സ്വീകാര്യമാണെന്നു പറയാം. നാടകകൃത്തെന്ന നിലയിൽ ഷെയ്ക്സ്പിയർക്കുണ്ടായ വികാസക്രമത്തെ ആസ്പദമാക്കിയും കൃതികൾ വിഭജിക്കപ്പെട്ടിട്ടുണ്ട്.

1. ആദ്യകാലകൃതികളുടെ ഘട്ടം –“പണിപ്പുരയിൽ”– 1584 മുതൽ 1594 വരെ ഇതിൽ പത്തു നാടകങ്ങൾ ഉൾപ്പെടുത്താം.

    1. വെറോണയിലെ രണ്ടു മാന്യന്മാർ
    2. വഴക്കാളിയെ മെരുക്കൽ
    3. തെറ്റുകളുടെ ശുഭാന്തം
    4–6. ഹെൻറി ആറാമൻ ഒന്നും രണ്ടും മൂന്നും ഭാഗങ്ങൾ
    7. റിച്ചഡ് മൂന്നാമൻ
    8. ജോൺ രാജാവ്
    9. റ്റൈറ്റസ് ആൻഡ്രോനിക്കസ്
    10. പ്രേമപ്രയത്നം വൃഥാ

2. ഇടക്കാലകൃതികളുടെ ഘട്ടം – “ലോകവേദിയിൽ”– 1594 മുതൽ 1599 വരെ; ഇതിലും പത്തു നാടകങ്ങൾ ഉൾപ്പെടുന്നു:

    1. ഒരു മധ്യവേനൽ രാക്കിനാവ്
    2. വെനിസിലെ വ്യാപാരി
    3. വിൻസറിലെ രസികത്തികൾ
    4. ഇല്ലാത്ത കാര്യത്തിനു വല്ലാത്ത പുകില്
    5. നിങ്ങളുടെ ഇഷ്ടംപോലെ
    6. റിച്ചഡ് രണ്ടാമൻ
    7–8. ഹെൻറി നാലാമൻ ഒന്നും രണ്ടും ഭാഗങ്ങൾ
    9. ഹെൻറി അഞ്ചാമൻ
    10. റോമിയോയും ജൂലിയറ്റും

തെറ്റും ചെയ്യാതിരിക്കണമെങ്കിൽ ഒന്നും ചെയ്യാതിരിക്കണമെന്നാണല്ലോ
പറയാറ്. പാത്രനാമങ്ങളുടെയും സ്ഥലനാമങ്ങളുടെയും ഉച്ചാരണം
മലയാള ലിപിവിന്യാസക്രമമനുസരിച്ച് ശരിയാക്കുമ്പോൾ വിചാരിക്കുന്ന
പോലെ ശരിയാകാതെ വരുന്നു. പദരചനയിലും വ്യാകരണത്തിലും
മറ്റും ഷെയ്ക്സ്പിയർ അവലംബിക്കുന്ന ഉച്ഛൃംഖലത്വം വിവർത്തകന്
അനുവദിച്ചുകൊടുക്കുകയില്ലല്ലോ. ഇംഗ്ലിഷ് ഭാഷയുടെ പ്രത്യേകതകൾ,
മലയാളവുമായുള്ള വ്യത്യാസങ്ങൾ, ഷെയ്ക്സ്പിയരുടെ ഇംഗ്ലിഷിന്
ഈ നാനൂറു കൊല്ലംകൊണ്ടുവന്ന പഴക്കവും മാറ്റവും, യൂറോപ്യൻ
ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും സാന്നിധ്യവും സ്വാധീനവും,
നാടകകലാപരമായുള്ള വ്യത്യാസങ്ങൾ, സംജ്ഞാനാമങ്ങളോടു ബന്ധ
പ്പെട്ട വ്യംഗ്യാർത്ഥ വൈപുല്യം, ആസ്വാദന സമ്പ്രദായങ്ങളിലുള്ള വ്യത്യാ
സങ്ങൾ, അനേകം ഇംഗ്ലിഷ് പദങ്ങൾക്കും പ്രയോഗങ്ങൾക്കും മല
യാളത്തിൽ തുല്യപദങ്ങളുടെ അഭാവം, ആചാരവിശ്വാസങ്ങളിലുള്ള
വിഭിന്നത, ഇങ്ങനെ എത്രയോ പ്രശ്നങ്ങൾ ഈ വിവർത്തനശ്രമത്തിൽ
അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. ഉദാഹരണങ്ങൾ എടുത്തുപറഞ്ഞാൽ
ഏറെ നീണ്ടുപോകും. നാടക ശീർഷകങ്ങളുടെ കാര്യത്തിലും നിരൂപ
ണസങ്കേതങ്ങളിലും അഭിപ്രായ ഭിന്നതകൾ ധാരാളമുണ്ടാകും.
ഷെയ്ക്സ്പിയരുടെ സമകാലികരായി നിന്ന് ഈ കൃതികൾ വായിക്കാൻ
ശ്രമിക്കുന്നതോടൊപ്പം ഷെയ്ക്സ്പിയരെത്തന്നെ നമ്മുടെ സമകാലിക
നായി കാണാൻ ശ്രമിക്കുകയും വേണ്ടിയിരിക്കുന്നു. ഉച്ചാരണഭേദങ്ങളുടെ
പ്രശ്നം ഞാൻ പ്രശസ്ത പണ്ഡിതനും നാടക സംവിധായകനുമായ
ജോൺ റസൽ ബ്രൗണിന്റെ ശ്രദ്ധയിൽപ്പെടുത്തി: "ഈ പ്രശ്നത്തിൽ
നിങ്ങൾക്കുചിതമെന്നു തോന്നുന്നത് സ്വീകരിക്കണം. ഇംഗ്ലണ്ടിൽതന്നെ
ഇത്തരം കാര്യങ്ങളിൽ ഏകാഭിപ്രായമില്ല" എന്ന് അദ്ദേഹം അറിയിച്ചു.
ഈ നീക്കുപോക്ക്—സ്വച്ഛന്ദത—അഭികാമ്യമാണെന്നു തോന്നുന്നു
എല്ലാത്തരം വിവർത്തനത്തിലും. ഷെയ്ക്സ്പിയരും ഇംഗ്ലിഷിനെ ഒരു
ജീവൽ ഭാഷയായിട്ടാണു കൈകാര്യം ചെയ്തിട്ടുള്ളത്. അദ്ദേഹം ഒരു
വ്യാകരണഭ്രാന്തനല്ലായിരുന്നല്ലോ. വ്യാകരണ സാധുതയില്ലാത്ത അദ്ദേ
ഹത്തിന്റെ ഉച്ഛൃംഖലപ്രയോഗങ്ങൾ പ്രസിദ്ധങ്ങളാണ്. അതുപോലെ
തന്നെ നൂറ്റാണ്ടുകളായി വായനക്കാരുടെയും പ്രേക്ഷകരുടെയും മന
സ്സിൽ പതിഞ്ഞ് അർത്ഥപ്പൊലിമ നേടിയ സംഭാഷണഭാഗങ്ങൾ വിവർ
ത്തനത്തിൽ മൂലത്തിന് ഒപ്പം എത്താതെ വരുന്നത് സ്വാഭാവികമാണ്.
അതുകൊണ്ട് ഈ സമാഹാരത്തിലെ വിവർത്തനമാതൃകകൾ കുറ്റ
മറ്റതാണെന്ന് ആർക്കും അവകാശവാദം ഉന്നയിക്കാൻ സാധ്യമല്ല.
പാഠഭേദങ്ങളും വ്യാഖ്യാനഭേദങ്ങളും ഭാഷാഭേദങ്ങളും എല്ലാം കൂടുമ്പോൾ
പ്രശ്നം കൂടുതൽ സങ്കീർണമാകുന്നു. എങ്കിലും ആകെക്കൂടി നോക്കു
മ്പോൾ ഈ ശ്രമം വ്യർത്ഥമായിട്ടില്ലെന്ന് വിവർത്തകരോടും പ്രസാധക
രോടും ഒപ്പം എഡിറ്ററും വിശ്വസിക്കുന്നു.

## ഉള്ളടക്കം
(നാല് വാല്യങ്ങളും കൂടി)

### (വാല്യം 1 – ശുഭാന്തനാടകങ്ങൾ)


| | | |
|---|---|---|
| വെറോണയിലെ രണ്ടു മാന്യന്മാർ | The Two Gentlemen of Verona | ശ്രീദേവി കെ. നായർ |
| വഴക്കാളിയെ മെരുക്കൽ | The Taming of the Shrew | ജയശ്രീ രാമകൃഷ്ണൻ |
| തെറ്റുകളുടെ ശുഭാന്തം | The Comedy of Errors | ജയശ്രീ രാമകൃഷ്ണൻ |
| പ്രേമപ്രയത്നം വൃഥാ | Love's Labour's Lost | പി. നാരായണക്കുറുപ്പ് |
| ഒരു മധ്യവേനൽ രാക്കിനാവ് | A Midsummer Night's Dream | കാവാലം നാരായണപ്പണിക്കർ |
| വെനിസിലെ വ്യാപാരി | The Merchant of Venice | സുധ ഗോപാലകൃഷ്ണൻ |
| വിൻസറിലെ രസികത്തികൾ | The Merry Wives of Windsor | കെ.പി. ശശിധരൻ |
| ഇല്ലാത്ത കാര്യത്തിനു വല്ലാത്ത പുകില് | Much Ado About Nothing | പി. നാരായണക്കുറുപ്പ് |
| നിങ്ങളുടെ ഇഷ്ടംപോലെ | As You Like It | ജയശ്രീ രാമകൃഷ്ണൻ |
| പന്ത്രണ്ടാം രാവ് അഥവാ നിങ്ങളുടെ ഇച്ഛ | Twelfth Night or What You Will | സുധ ഗോപാലകൃഷ്ണൻ |
| ട്രോയ്ലസും ക്രെസിഡയും | Troilus and Cressida | കെ.പി. ശശിധരൻ |
| പകരത്തിനു പകരം | Measure for Measure | ജയശ്രീ രാമകൃഷ്ണൻ |
| ശുഭാന്ത്യങ്ങളെല്ലാം ശുഭം | All's Well that Ends Well | കെ.പി. ശശിധരൻ |


### (വാല്യം 2 – ചരിത്രനാടകങ്ങൾ)


| | | |
|---|---|---|
| ഹെൻറി ആറാമൻ (ഒന്നാംഭാഗം) | Henry the Sixth, Part 1 | പി. നാരായണക്കുറുപ്പ് |
| ഹെൻറി ആറാമൻ (രണ്ടാംഭാഗം) | Henry the Sixth, Part 2 | പി. നാരായണക്കുറുപ്പ് |
| ഹെൻറി ആറാമൻ (മൂന്നാംഭാഗം) | Henry the Sixth, Part 3 | പി. നാരായണക്കുറുപ്പ് |
| റിച്ചഡ് മൂന്നാമൻ | Richard the Third | കെ.പി. ശശിധരൻ |
| റിച്ചഡ് രണ്ടാമൻ | Richard the Second | ഉഷ നമ്പൂതിരിപ്പാട് |
| ജോൺ രാജാവ് | King John | ശ്രീദേവി കെ. നായർ |
| ഹെൻറി നാലാമൻ (ഒന്നാംഭാഗം) | Henry the Fourth, Part 1 | സുധ ഗോപാലകൃഷ്ണൻ |
| ഹെൻറി നാലാമൻ (രണ്ടാംഭാഗം) | Henry the Fourth, Part 2 | സുധ ഗോപാലകൃഷ്ണൻ |
| ഹെൻറി അഞ്ചാമൻ | Henry the Fifth | ഉഷ നമ്പൂതിരിപ്പാട് |
| ഹെൻറി എട്ടാമൻ | Henry the Eighth | പി. നാരായണക്കുറുപ്പ് |

ഉള്ളടക്കം

വെറോണയിലെ രണ്ടു മാന്യന്മാർ ........ 31
വഴക്കാളിയെ മെരുക്കൽ ........ 113
തെറ്റുകളുടെ ശുഭാന്തം ........ 211
പ്രേമപ്രയത്നം വ്യഥാ ........ 283
ഒരു മധ്യവേനൽ രാക്കിനാവ് ........ 379
വെനിസിലെ വ്യാപാരി ........ 455
വിൻസറിലെ രസികത്തികൾ ........ 545
ഇല്ലാത്ത കാര്യത്തിനു വല്ലാത്ത പുകില് ........ 645
നിങ്ങളുടെ ഇഷ്ടംപോലെ ........ 739
പന്ത്രണ്ടാം രാവ് അഥവാ നിങ്ങളുടെ ഇച്ഛ ........ 837
ട്രോയ്ലസും ക്രെസിഡയും ........ 927
പകരത്തിനു പകരം ........ 1047
ശുഭാന്ത്യങ്ങളെല്ലാം ശുഭം ........ 1145

# വെറോണയിലെ രണ്ടു മാന്യന്മാർ

വിവർത്തനം:
ശ്രീദേവി കെ. നായർ